**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കണ്ടറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ സ്കൂൾ തലത്തിൽതന്നെ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കൊറോണ വ്യാപനത്തിനു ശേഷം ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷകൾ സ്കൂൾ തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കിയാണ് നടത്തിയിരുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഹയർ സെക്കണ്ടറി അക്കാദമിക വിഭാഗം ജോയിന്റ് ഡയറക്ടർ, ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം ജോയിന്റ് ഡയറക്ടർ, പരീക്ഷാഭവൻ സെക്രട്ടറി, എസ്സ് സി ഇ ആർ ടി ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ച് 26.07.2025 ൽ മന്ത്രി തലത്തിൽ ഒരു യോഗം കൂടി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ രണ്ടാംവർഷ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷ (ഓണ പരീക്ഷ) യുടെ ചോദ്യപേപ്പർ എസ് സി ഇ ആർ ടി തയ്യാറാക്കിയിട്ടുള്ള ചോദ്യപേപ്പർ ബാങ്കിന്റെ മാതൃകയിൽ സ്കൂൾ തലത്തിൽ തയ്യാറാക്കി നടത്താൻ തീരുമാനിക്കുകയുമാണ് ഉണ്ടായത്. (യോഗ നടപടി കുറിപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) | നിലവാരമുള്ളതും മാതൃകാപരവുമായ ചോദ്യങ്ങൾ വിദഗ്ധ സമിതി തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ ലഭ്യമാക്കുന്ന രീതി ഒഴിവാക്കുന്നതിലൂടെ പരീക്ഷയുടെ ഗുണനിലവാരവും മത്സര പരീക്ഷകൾ നേരിടാനുള്ള വിദ്യാർത്ഥികളുടെ ശേഷിയും കുറയുമെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പാദവാർഷിക പരീക്ഷ നടത്തുന്നതിനാവശ്യമായ ചോദ്യപേപ്പറുകളുടെ മാതൃക SCERT യിലെ വിദഗ്ദരായ അധ്യാപകർ തയ്യാറാക്കിയിട്ടുള്ളതും, പ്രസ്തുത മോഡൽ പ്രകാരം ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്നതിനായി നിർദ്ദേശം പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുള്ളതുമാണ്. പൊതുവായ മാതൃകയിൽ പരീക്ഷ നടത്തിയതിനാൽ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പിൻവലിച്ച് മുഴുവൻ പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ കേന്ദ്രീകൃതമായി എല്ലാ വിദ്യാലയങ്ങൾക്കും തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ? | (സി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

<u>ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പ്</u>

<u>യോഗം 26.07.2025 02.00 PM</u>

ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് പൊതു വിദ്യഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ അടിയന്തിര യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഹയർ സെക്കന്ററി അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ജോയന്റ് ഡയറക്ടർ, പരീക്ഷാ ഭവൻ സെക്രട്ടറി, SCERT ഡയറക്ടർ എന്നിവർ പങ്കെടുത്തു. ഈ വർഷത്തെ ഹയർ സെക്കന്റി / വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പ് കുറ്റമറ്റ രീതിയിൽ നടത്തേണ്ടതാണെന്ന് മന്ത്രി ആമുഖമായി പറഞ്ഞു തുടർന്ന താഴെ പറയുന്ന 4 അജണ്ടകളിന്മേൽ തീരുമാനം കൈക്കൊണ്ടു.

1) ഹയർ സെക്കന്ററി ചോദ്യ പേപ്പർ ട്രഷറി / ബാങ്ക് ലോക്കറുകളിൽ സൂക്ഷിച്ച് പരീക്ഷാ ദിവസങ്ങളിൽ രാവിലെ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

2) 2025 രണ്ടാം വർഷ ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഒന്നാം പാദ വാർഷക പരീക്ഷയുടെ ചോദ്യം പേപ്പർ തയ്യാറാക്കുന്നത്.

3) ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി മാന്വൽ പരിഷ്കരണം

4 ) പൊതു വിദ്യഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം സോഫ്റ്റ് വെയർ പരിഷ്കരണം

1) **ഹയർ സെക്കന്ററി ചോദ്യ പേപ്പർ ട്രഷറി / ബാങ്ക് ലോക്കറുകളിൽ സൂക്ഷിച്ച് പരീക്ഷാ ദിവസങ്ങളിൽ രാവിലെ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.**

നിലവിൽ ഹയർസെക്കന്ററി പൊതു പരീക്ഷകളുടെ ചോദ്യപേപ്പറുകൾ കോൺ ഫിഡൻഷ്യൽ പ്രസ്സിൽ നിന്നും ജില്ലാ കേന്ദ്രങ്ങളിൽ എത്തുകയും അവിടെ നിന്നും ഹയർ സെക്കൻററി വിഭാഗത്തിലെ ജീവനക്കാരെ നിയോഗിച്ച് പരീക്ഷ ആരംഭിക്കുന്നതിന് 3 ദിവസം മുമ്പ് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് എത്തിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നതെന്നും പരീക്ഷാ കേന്ദ്രങ്ങളിൽ CCTV നിരീക്ഷണത്തിൽ ഇരട്ട പൂട്ടുള്ള അലമാരയിൽ ചീഫ് സൂപ്രണ്ടിന്റെയും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്മാരുടെയും ഉത്തരവാദിത്തത്തിൽ ചോദ്യപേപ്പറുകൾ സൂക്ഷിക്കുകയും ആ കാലയളവിൽ നൈറ്റ് വാച്ച്മാനെ നിയോഗിക്കുകയും ആണ് ചെയ്തു വരുന്നതെന്ന് ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ.കെ.മാണിക്യരാജ് യോഗത്തിൽ അറിയിച്ചു. ആയതിന് മേൽ കൂടതൽ ജാഗ്രതയോടു കൂടി നിലവിലെ സ്ഥിതി തുടരാൻ ബഹു മന്ത്രി നിർദ്ദേശിച്ചു. **[നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹയർ സെക്കന്ററി വിഭാഗം]**

**2 ) 2025-26വർഷത്തെ രണ്ടാം വർഷ ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഒന്നാം പാദ വാർഷക പരീക്ഷയുടെ ചോദ്യം പേപ്പർ തയ്യാറാക്കുന്നത്.**

2025-26വർഷത്തെ രണ്ടാം വർഷ ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഒന്നാം പാദ വാർഷക പരീക്ഷ **(ഓണ പരീക്ഷ)** യുടെ ചോദ്യം പേപ്പർ തയ്യാറാക്കുന്നത് സംബന്ധിച്ച് SCERT തയ്യാറാക്കിയിട്ടുള്ള പൂൾ ഓഫ് questions(Question Bank) അതിന്റെ ലിങ്ക് സ്കൂളുകൾക്ക് അയച്ച് കൊടുത്തിട്ടുണ്ട് ആ മാതൃകയിൽ സ്കൂളിൽ തന്നെ ചോദ്യ പേപ്പർ തയ്യാറാക്കും. ചോദ്യ പേപ്പർ തയ്യാറാക്കുന്നതിനുള്ള ചെലവ് P D അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക വിനിയോഗിക്കാൻ തീരുമാനിച്ചു. **[ തുടർ നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹയർ സെക്കന്ററി വിഭാഗം ]**

3) **പൊതു വിദ്യഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി മാന്വൽ പരിഷ്കരണം.**

2022 വർഷമാണ് അവസാനമായി പരീക്ഷ മാന്വൽ ഇറക്കിയിരിക്കുന്നത് ആയത് ഇംഗ്ലീഷിലാണ് പുറത്ത് ഇറക്കിയിരിക്കുന്നത് ആയതിന് ഒരു ഭേദഗതി ആവശ്യമാണ്. ഇതിന് താഴെ പറയുന്ന 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഓണം കഴിഞ്ഞ് മൂന്ന് ആഴ്ചയ്ക്ക് അകം ഭേദഗതി ചെയ്യുവാനുള്ള കരട് നിർദ്ദേശം നൽകുവാൻ ബഹു മന്ത്രി നിർദ്ദേശിച്ചു.

1) ശ്രീ ജയപ്രകാശ്.ആർ.കെ, SCERT, ഡയറക്ടർ **[കമ്മിറ്റി കൺവീനർ]**

2) ശ്രീമതി ശാലിനി.കെ.ജെ അഡീഷണൽ സെക്രട്ടറി പൊതു വിദ്യാഭ്യാസ വകുപ്പ്

3) ശ്രീ സന്തോഷ്കുമാർ.എസ്, സെക്രട്ടറി പരീക്ഷാ ഭവൻ

4) ശ്രീമതി ഷാജിത.എസ്, ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി

അക്കാഡമിക് വിഭാഗം

**4 ) പൊതു വിദ്യഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം സോഫ്റ്റ് വെയർ പരിഷ്കരണം**

സെക്കന്ററി / ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ പരീക്ഷകൾക്ക് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവശ്യമാണ്. ആയതിന് KITE-നെ ചുമതപ്പെടുത്തുന്നു. ആയതിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതു വിദ്യഭ്യാസ ഡയറക്ടർ, KITE ചെയർമാൻ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവരുടെ സാനിധ്യത്തിൽ ഒരു യോഗം ചേരാൻ തീരമാനിച്ചു. **[ തുടർ നടപടി പൊതു വിദ്യാഭ്യാസ പൊതു വിദ്യഭ്യാസ (ഡി) വകുപ്പ് ]**

യോഗം 03.00 മണിയ്ക്ക് അവസാനിച്ചു